# ഒരു പുതിയ വെളിച്ചം



മണ്ണിൽ നിന്നു മനുഷ്യനെ വാർത്ത
ദിവ്യചൈതന്യ സിദ്ധിക്കു മുമ്പിൽ

മൂകനായൊരു മാത്ര നിൽക്കട്ടെ
ദേവ! ഞാൻ തവ സന്നിധാനത്തിൽ.

ചത്തുപോയ ശതാബ്ദങ്ങൾ വീണു
കെട്ടുചീഞ്ഞതാമാർഷ സംസ്കാരം

കുഷ്ഠരോഗം മറയ്ക്കുവാൻ മാത്രം
പട്ടുടുത്തൊരാ വിപ്ര സംസ്കാരം

ദേവദാസികൾ തൻ നിതംബത്തിൽ
ഭാവനകൾ വിടർന്ന സംസ്കാരം

എൻ്റെ പെങ്ങളിൻ മാറു മറയ്ക്കാൻ
തൻ്റെ നീതിശാസ്ത്രത്തിൽ വിലക്കി.

അമ്പലനടത്തൂണിൻ്റെ പിന്നിൽ
കണ്ണുനീരിൽ ക്കുതിർന്ന ചാരിത്ര്യം

വീണടിയുമ്പോൾ, ക്ഷേത്രബിംബങ്ങൾ
മൂകമായതു നോക്കി നില്ക്കുമ്പോൾ

എന്നെയാട്ടിയോടിക്കാൻ വഴിയിൽ
തറ്റുടുത്തു നിരന്ന സംസ്കാരം

ചാട്ടവാറോങ്ങി നിന്നു ഗർജ്ജിച്ചു:
നീ പിറന്നു സഹിക്കുവാൻ മാത്രം.

എൻ്റെ കണ്ണിനു മുമ്പിൽത്തെളിയും
ചക്രവാളത്തിൻ വെള്ളിവെളിച്ചം

പാപമിറ്റു വീഴുന്നൊരു കൈയാൽ
മൂടി വയ്ക്കാൻ ശ്രമിച്ച സംസ്കാരം

അർബ്ബുദമെന്ന മാതിരി നാടി–
ന്നസ്ഥി മജ്ജകൾ കാർന്നു തിന്നുമ്പോൾ

ദേവ! പുത്തനുപനിഷത്തായി
ഭൂവഖിലം മുഴങ്ങി നിൻ ശബ്ദം.

കേട്ടു നിന്ന കരളുകൾ തോറും
തേട്ടിവന്നൊരു ധാർമ്മിക രോഷം

ധീരമായ് വിരിമാറുകൾ കാട്ടി
നാടു നീളെപ്പരന്നോരു രോഷം

എന്നെ ഞാനാക്കി മാറ്റിയ രോഷം
മന്നിലാകെപ്പടർന്നോരമർഷം

ഏറ്റു പാടിജ്ജഗത്തിനെച്ചൂണ്ടി–
ക്കാട്ടിഃ മാറ്റുവിൻ ചട്ടങ്ങളൊക്കെ.

താരവീഥിയിലോളമിളക്കി
താഴ്‌വരകളെ ഞെട്ടിച്ചുണർത്തി

നിൻ രഥചക്രമീ മലനാടിൻ
മാറിലൂടന്നു പാഞ്ഞു പോയപ്പോൾ

അഗ്നിപർവത കോടികൾ പോലെ
ചുറ്റും ചിന്തിയ വെള്ളിവെളിച്ചം

ഞങ്ങൾ തന്നിരുൾ തിങ്ങിയ മന്നിൽ
നവ്യജീവിത സാരം പകർന്നു.

മണ്ണിൽ നിന്നു മനുഷ്യനെ വാർത്ത
ദിവ്യചൈതന്യ ധാരയ്ക്കു മുമ്പിൽ

സ്വാർത്ഥിയായ മനുഷ്യനെ സ്നേഹ–
മൂർത്തിയാക്കിയ സിദ്ധിക്കു മുമ്പിൽ

കേരളത്തിൻ ചരിത്രമെഴുതും
തൂവലുകളേ! നിങ്ങളോടൊപ്പം

മൂകനായൊരു മാത്ര നിൽക്കട്ടെ
ലോകശാന്തി തൻ കോവിലിൻ മുന്നിൽ. ■ 1963